**File No. LSGD-DD2/89/2019-LSGD**

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-27-02-2019-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് - പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിന്റെ പ്രവർത്തനത്തിന് ഓപ്പറേറ്റർ കം മാനേജർ, ഹെൽപ്പർ കം വാച്ച്മാൻ എന്നീ തസ്തികകളിൽ രണ്ട് തൊഴിലാളികളെ വി.ജി.എഫ്-ൽ ഉൾപ്പെടുത്തി വേതനം നൽകി ആറ് മാസത്തേക്ക് മാത്രം നിയമിക്കാൻ അനുവാദം നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ)നം.589 /19/തസ്വഭവ          **തിരുവനന്തപുരം, തീയതി,09.03.2019**

---

പരാമർശം: 1. പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 31.01.2019-ലെ കത്ത്

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 27.02.2019-ലെ യോഗത്തിന്റെ 4.55-ാം നമ്പർ തീരുമാനം

**ഉത്തരവ്**

പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ 2017-18, 2018-19 വാർഷിക പദ്ധതികളിലായി പൂർത്തിയാക്കിയ പ്ലാസ്റ്റിക് ഷ്രെഡിംഗ് & ബെയിലിങ് യൂണിറ്റിന്റെ പ്രവർത്തനങ്ങൾക്കായി ശുചിത്വ സേന അംഗങ്ങളെ ഉൾപ്പെടുത്തി വയബിലിറ്റി ഗ്യാപ് ഫണ്ടിൽ ഉൾപ്പെടുത്തി ഓപ്പറേറ്റർ കം മാനേജർ, ഹെൽപ്പർ കം വാച്ച്മാൻ തസ്തികകളിൽ രണ്ട് തൊഴിലാളികളെ ആറ് മാസത്തേയ്ക്ക് നിയമിക്കാൻ അനുവാദം നൽകണമെന്ന് പരാമർശം (1) പ്രകാരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അപേക്ഷിക്കുകയുണ്ടായി. പ്രവർത്തനം ആരംഭിച്ച് ആദ്യത്തെ 6 മാസത്തേയ്ക്ക് മാത്രമായി വേതനം നൽകാൻ പരാമർശം (2) പ്രകാരം സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ കോഓർഡിനേഷൻ സമിതി തീരുമാനിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. 27.02.2019-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം 2 തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ പണി പൂർത്തിയാക്കിയ പ്ലാസ്റ്റിക് ഷ്രെഡിംഗ് & ബെയിലിങ് യൂണിറ്റിന്റെ പ്രവർത്തനങ്ങൾക്കായി ഓപ്പറേറ്റർ കം മാനേജർ, ഹെൽപ്പർ കം വാച്ച്മാൻ എന്നീ തസ്തികകളിൽ രണ്ട് തൊഴിലാളികളെ നിയമിക്കുന്നതിനും ഇവരുടെ വേതനം യൂണിറ്റിന്റെ പ്രവർത്തനം ആരംഭിച്ച് ആദ്യത്തെ 6 മാസത്തേയ്ക്ക് മാത്രം വയബിലിറ്റി ഗ്യാപ് ഫണ്ടിൽ ഉൾപ്പെടുത്തി നൽകുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**മിനിമോൾ. ഡി**
**ഡെപ്യൂട്ടി സെക്രട്ടറി**

To

ശ്രീ. യു.ആർ. പ്രദീപ് എം.എൽ.എ,ചേലക്കര (ആവരണക്കത്ത് സഹിതം)

സെക്രട്ടറി, പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത്, തൃശ്ശൂർ

ജില്ലാ പ്ലാനിംഗ് ഓഫീസർ, തൃശ്ശൂർ.

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ത.സ്വ.ഭ.(ഡി.എ)വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ